# നിശബ്ദത കുറ്റകൃത്യങ്ങൾക്കുള്ള പ്രോത്സാഹനം: ഡോ. സുനിത കൃഷ്ണൻ

പാലക്കാട് > സമൂഹത്തിന്റെ നിശബ്ദത കുറ്റകൃത്യങ്ങൾക്കുള്ള പരോക്ഷ പ്രോത്സാഹനമാണെന്ന് സാമൂഹിക പ്രവർത്തക പത്മശ്രീ ഡോ. സുനിത കൃഷ്ണൻ പറഞ്ഞു. കലക്ടറേറ്റ് സമ്മേളന ഹാളിൽ കുറ്റകൃത്യങ്ങൾക്ക് ഇരയാവർക്ക് ഓണലൈൻ വഴി പരാതി നൽകാനുള്ള വെബ്സൈറ്റ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അവർ. ചെറിയ കാര്യങ്ങൾക്കുപോലും സമരമാർഗങ്ങൾ സ്വീകരിക്കുന്ന സമൂഹം പീഡനങ്ങൾക്ക് ഇരയായവർക്കുവേണ്ടി നിശബ്ദത പാലിക്കുകയാണ്. സ്ത്രീ-പുരുഷ ബന്ധത്തിന്റെ അതിർത്തി നിർണയിക്കാൻ അവനവന് ആകണം. സൈബർ ലോകത്ത് തങ്ങളുടെ സുരക്ഷയെത്രമാത്രമാണെന്ന് പുതുതലമുറയ്ക്ക് അറിയില്ല. സാമൂഹിക മാധ്യമങ്ങളിൽ അപ്‌ലോഡ് ചെയ്യുന്ന ഫോട്ടോയിലൂടെ ആളുടെ വ്യക്തിത്വം മനസ്സിലാക്കി വലവിരിക്കാൻ കഴിവുള്ളവരാണ് സൈബർ കുറ്റവാളികൾ. നിയമങ്ങളെക്കുറിച്ച് ബോധമുള്ള തലമുറയെ വാർത്തെടുക്കാൻ സമൂഹം ഒന്നിക്കണമെന്നും സുനിത കൃഷ്ണൻ പറഞ്ഞു. 'വിശ്വാസി'ന്റെ നേതൃത്വത്തിൽ നടന്ന പരിപാടിയിൽ കലക്ടർ പി സുരേഷ് ബാബു അധ്യക്ഷനായി.